പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ. 7067 | 16.07.2012-ലെ<br>മറുപടിക്ക്. |

## സ്കൂളുകളിലെ വാർഷിക പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ ഓഫീസർമാരായ എ.ഇ.ഒ. മാരും ഡി.ഇ.ഒ.മാരും സ്കൂളുകളിൽ വാർഷിക പരിശോധ നടത്തുന്നതിൽ വലിയ വീഴ്ച വരുന്നുവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സ്ഥിരമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്കൂളുകളിലെ വാർഷിക പരിശോധന നടത്തേണ്ടത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ നിയമപരമായി നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കെ.ഇ.ആർ. അദ്ധ്യായം XV ചട്ടം 20-ൽ സ്ക്കൂളിലെ വാർഷിക പരിശോധനയെ സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | വിദ്യാഭ്യാസ ഓഫീസുകൾ/ഓഫീസർമാർ വാർഷിക പരിശോധന നടത്തുന്നതിലും അക്കാദമിക് പരിശോധന നടത്തുന്നതിലും വരുത്തുന്ന വീഴ്ച പൊതു വിദ്യാലയങ്ങളുടെ നിലവാര വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാരുടെ സംസ്ഥാനതല യോഗത്തിൽ വച്ച് അക്കാദമിക പരിശോധന കൂടുതൽ ശക്തമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കഴിഞ്ഞ 3 വർഷം എ.ഇ.ഒ. ഡി.ഇ.ഒ.മാർ നടത്തിയ വാർഷിക പരിശോധന എത്ര; ഇത് പരിഹരിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ